# INDIAN SCHOOL AL WADI AL KABIR

## PRE MID TERM EXAMINATION 2025- 26

## CLASS IX (MALAYALAM)

## മലയാളം

**Time allowed:** 1 **Hour** **Maximum Marks**: 30

അനുവദിച്ച സമയം:1 മണിക്കൂർ ആകെ മാർക്ക് : 30

**Date: 15-05-2025**

❖ **Please check this question paper contains 4 printed pages and 14 questions.**

---

1) **തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

**(ഓരോന്നിനും 1 മാർക്കു വീതം)** (5X1=5)

ഏഴിലം കാട്ടിൽ പണ്ടൊരു കാക്ക
ഏകാദശി നോറ്റു
ഏഴരവെളുപ്പിനുണർന്നു; പിന്നെ
ഏഴെട്ടുനാഴിക പറന്നു
പോകും വഴിക്കു തുടിച്ചു കുളിക്കാൻ
ഭാരതപ്പുഴയിലിറങ്ങി
കുളിച്ചു നീന്തിക്കയറുമ്പോൾ
ഒലിച്ചു പോയി പുഴയിൽ
കാലിട്ടു തുഴഞ്ഞപ്പോൾ കാലിനു കിട്ടി
നാലഞ്ചു പൊന്നുംകിങ്ങിണി
കൈയിട്ടു തുഴഞ്ഞപ്പോൾ ചിറകിലുടക്കി
കല്ലുപതിച്ചൊരു കങ്കണം
ചിറകിട്ടു തുഴഞ്ഞപ്പോൾ ചിറകിലുടക്കി
ചിത്രവർണ്ണപ്പൂമാല
തലയിട്ടു തുഴഞ്ഞപ്പോൾ തലയിൽ കിട്ടീ
തങ്കക്കസവുതലപ്പാവ് !
കുളിച്ചുതോർത്തിക്കയറി കാക്ക
ഗുരുവായൂർക്കു പറന്നു

ഗുരുവായൂരെ അരയാൽക്കൊമ്പിൽ

തിരുനാമം ചൊല്ലിയിരുന്നു

**ചോദ്യങ്ങൾ**

a. പുഴയിൽ കാലിട്ടു തുഴഞ്ഞപ്പോൾ കാക്കയ്ക്ക് എന്താണ് കിട്ടിയത്?

b. കാക്കയ്ക്ക് ചിത്രവർണ്ണപ്പൂമാല ലഭിച്ചതെപ്പോൾ?

c. ഏഴിലംകാട്ടിലെ കാക്ക എന്ത് വ്രതമാണ് നോറ്റത് ?

d. കേരളത്തിലെ ഏതു പുഴയെയാണ് കവിതയിൽ പരാമർശിക്കുന്നത് ?

e. ഗുരുവായൂരിലെ അരയാൽ കൊമ്പിലിരുന്ന് കാക്ക എന്താണ് ചെയ്തത്?

2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക. (6 x ½= 3)

a. 'അമ്മ' എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

(വീടാക്കടങ്ങൾ, നാം മുന്നോട്ട്, തണുപ്പ് )

b. തെരുവിൽ ഒരു പൊളിഞ്ഞ പാവയെപ്പോലെ കൊഴിഞ്ഞുകിടന്നത് ആരാണ്?

(അമ്മ, പോലീസുകാരൻ, പാൽക്കാരൻ)

c."താനാണ് ഈ കേസിലെ ദൃക്സാക്ഷി". ആരാണ് ഇങ്ങനെ പറഞ്ഞത്?

(പോലീസുകാരൻ, പാൽക്കാരൻ, ഡോക്ടർ)

d. പോലീസുകാരൻ വൃദ്ധയുടെ അടുക്കൽ പ്രത്യക്ഷപ്പെട്ടപ്പോൾ എന്താണ് അയാളുടെ കൈയിൽ ഉണ്ടായിരുന്നത്?

(കുറച്ചു പുസ്തകങ്ങൾ, പച്ചക്കറി, തുണികൾ)

e. മക്കൾ ഭാര്യയെയും കൊണ്ട് എവിടേയ്ക്കാണ് പോയത്?

(പഹാഡ്ഗഞ്ചിൽ, അന്യരാജ്യത്ത്, മക്കളുടെ അടുത്ത്)

f."ഇവരെ വല്ല ഡോക്ടറുടെയും അടുത്ത് എത്തിക്കട്ടെ". ആരാണ് ഇങ്ങനെ പറഞ്ഞത്?

(അമ്മ, പോലീസുകാരൻ, പാൽക്കാരൻ)

3) അർഥം എടുത്തെഴുതുക. (2x ½= 1)

a) മരവിക്കുക

(ക്ഷമിക്കുക, സ്തംഭിക്കുക, പരിചരിക്കുക, വിളിക്കുക)

b) ശുണ്ഠി

(സങ്കടം, പരാതി, കോപം, സ്വഭാവം)

4) അർത്ഥവ്യത്യാസം എടുത്തെഴുതുക. (2x 1= 2)

a) വൃത്തം - വൃത്തി

(വളയം - ശുചിത്വം , ശുചിത്വം – വളയം, ശിശിരം - പുരം )

b) കാലം - കിലം

(സമയം – കളി, അളവ് – സമയം, കളി - സമയം)

5) പര്യായപദങ്ങൾ എടുത്തെഴുതുക. (2x 1= 2)

a) കണ്ണ്

(താരം, മിഴി, നയനം, താരകം)

b) നാവ്

(ഹാസം, മൃത്ത്, ജിഹ്വ, നാക്ക്)

6) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക. (2x ½= 1)

a) സംഭോധന, സംബോദന, സംബോധന

b) ശുശ്രൂഷിച്ചു, ശുസ്രൂഷിച്ചു, ശുശ്രൂക്ഷിച്ചു

7) വിപരീതപദം എഴുതുക. (2x ½= 1)

a) ചോദ്യം b) സ്നേഹം

8) പിരിച്ചെഴുതുക. (2x ½= 1)

a) താങ്ങിയെടുത്തു b) വെള്ളവുമില്ല

9) വിഗ്രഹിച്ചെഴുതുക. (2x ½= 1)

a) വാർദ്ധക്യലക്ഷണം b) കൈവിരലുകൾ

10) നാനാർത്ഥപദങ്ങൾ എഴുതുക. (3x 1= 3)

a) കൊല്ലം b) കാലം c) പുറം

11) തെറ്റുണ്ടെങ്കിൽ തിരുത്തുക. (2x 1= 2)

a) കാറ് ഒരു സീൽക്കാരത്തോടെ തിടുക്കത്തിൽ ധൃതിയിൽ ഓടിപ്പോയി.

b) ഒരു കറുത്ത ബിലാത്തിക്കാറ് ഇവരെ തട്ടിയിട്ട് കാല് ആകെ മൊത്തം ചതഞ്ഞിരിക്കുന്നു.

12) പ്രയോഗം മാറ്റുക. (2x 1= 2)

a) പാൽക്കാരൻ ടാക്സി നിർത്തി.

b) ഡോക്ടർ ആ വൃദ്ധയെ കട്ടിലിൽ പിടിച്ചു കിടത്തി.

13) അംഗവാക്യം അംഗിവാക്യം വേർതിരിച്ചെഴുതുക. (2x 1= 2)

a) ഇരുപതു പൈസയ്ക്കു പച്ചക്കറി വാങ്ങി മടങ്ങുന്ന വൃദ്ധയെ ഒരു കറുത്ത മെർസിഡീസ് കാറ് തള്ളിയിട്ടു.

b) തന്റെ സൈക്കിൾ നിർത്തി ഒരു പാൽക്കാരൻ അവരുടെ അടുത്തേക്ക് ചെന്നു.

14) ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (2x 2=4)

a) "അമ്മ എന്ന കഥയിലെ ബോലേറാം മാനവികതയുടെ പ്രതീകമാണ്" വിശദീകരിക്കുക.

b) കരിഞ്ഞ മരങ്ങളുടെ വേരുകൾ മണ്ണിൽനിന്ന് പിടിച്ച് മേൽപ്പോട്ട് ഉയരുന്നത് പോലെ ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേൽപ്പോട്ട് വളഞ്ഞു കിടക്കുന്നു. ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കഥയുടെ ഭാവതലത്തെ എങ്ങനെ സ്വാധീനിക്കുന്നു ?

c) മാതൃത്വത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് 'അമ്മ 'എന്ന കഥയിലൂടെ കഥാകൃത്ത് അവതരിപ്പിക്കുന്നത്?

***